# കേരള സർവകലാശാല

നം.പി.ആർ.201/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സിൻഡിക്കേറ്റ് വാർത്ത

### പി.എച്ച്.ഡി നൽകും

കേരള സർവകലാശാല മറിയം ഫർഹാംഗ് (സൈക്കോളജി), റെയ്ച്ചി എബ്രഹാം, ഷർളി കെ തോമസ്, സജ്ന കെ.വി, ദിവ്യ ജെ.ബി, ദീപ സി.കെ, രഞ്ജുഷ മേനോൻ (ബയോടെക്നോളജി), ശ്രീകുമാർ എം (അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്), ഷഹ്സാദ് എ.എസ്, ജയശ്രീ എം.ജെ (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ), കല ഡി (ഫാർമസ്യൂട്ടിക്കൽ സയൻസസ്), ഫ്രിൻസി ആർ.എം (ജിയോളജി), ഇന്ദു പി.എസ് (മെഡിസിൻ), വൈശാഖൻ തമ്പി ഡി.എസ്, വിപിൻ സി. ബോസ് (ഫിസിക്സ്), ശീതൾ ലാൽ എസ് (എൻവയോൺമെന്റൽ സയൻസസ്), ഫൗസിയ ജെ (സുവോളജി), നീരജ വി.എസ്, ധന്യ ബി (ഹിന്ദി), സ്മിത ജോസ് പനയ്ക്കൽ, രാജീവ് കെ.എസ്, ചിത്ര വി.ജി (മാനേജ്മെന്റ് സ്റ്റഡീസ്), അംബു ആർ നായർ, ജോസ്ന രാജൻ (ഇംഗ്ലീഷ്), ധർമ്മ രാജൻ എസ്.എസ്, രമ്യ ഡി, ജയ്സിമോൾ അഗസ്റ്റിൻ, സന്തോഷ് എച്ച്.കെ (മലയാളം), മുംതാസ് ആർ (സംസ്കൃതം), ഹോജാത്തള്ള സലാരി, ശ്രീദേവി കെ, ഹരി കെ (കൊമേഴ്സ്), ബാലഗോപാൽ ബി (പബ്ലിക് അഡ്മിനിസ്ട്രേഷൻ), പ്രതാപൻ എസ്.എൽ (ബോട്ടണി), നീന തോമസ്, മിനി കുമാരി ഡി, സീന ആർ.ഒ, ലക്ഷ്മി നടരാജൻ, അപർണ്ണ എൻ (എഡ്യൂക്കേഷൻ), അനീഷ് പി.എസ്, ശാന്തിൽ എം (കെമിസ്ട്രി), ഷിദ്ധി പി.ആർ (ബയോഇൻഫർമാറ്റിക്സ്), ഉബൈദ് വി.പി.സി, രമ്യ എൽ.ബി (ലിംഗ്വിസ്റ്റിക്സ്), രഞ്ജിത്ത് കെ.കെ (ഫിലോസഫി) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ ബി.എ, ബി.എസ്സി, ബി.കോം (സി.ബി.സി.എസ്.എസ് - 2013-ന് മുമ്പുള്ളത്) പരീക്ഷ നവംബർ 18-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം എസ്.എൻ വനിത കോളേജ്, ആലപ്പുഴ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ്, പത്തനംതിട്ട അടൂർ സെന്റ് സിറിൾസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രങ്ങളായിരിക്കും.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ് മാറ്റി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ലാബ് പരീക്ഷ ഒക്ടോബർ 26, 27, 28 തീയതികളിൽ നിന്നും നവംബർ നാല്, ഏഴ്, എട്ട് തീയതികളിലേക്ക് മാറ്റി. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

### എം.ഫിൽ പ്രവേശനം

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയും യൂണിവേഴ്സിറ്റി കോളേജിലേയും എം.ഫിൽ (2016-17) പ്രോഗ്രാമിലെ ഒഴിവുള്ള

സീറ്റുകളിലേക്കുള്ള രണ്ടാംഘട്ട പ്രവേശനം കേരള സർവകലാശാലയിലെ പഠനവകുപ്പുകളിൽ നവംബർ രണ്ട് രാവിലെ 10.30-നും യൂണിവേഴ്സിറ്റി കോളേജിലെ പഠനവകുപ്പുകളിൽ നവംബർ നാല് രാവിലെ 10.30-നും നടത്തും. പ്രവേശനത്തിന് തെരഞ്ഞെടുത്തിട്ടുള്ളവർ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലോഗിൻ ചെയ്ത് കിട്ടുന്ന ഹോം പേജിൽ നിന്നും അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്യണം. പ്രവേശനത്തിന് തെരഞ്ഞെടുത്തിട്ടുള്ളവർക്ക് എസ്.എം.എസ് അയച്ചിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിൽ/കോളേജിൽ കൃത്യസമയത്ത് ഹാജരാകണം.

## ബിരുദ സർട്ടിഫിക്കറ്റ് : അപേക്ഷ

കേരള സർവകലാശാലയിൽ ബിരുദ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ നിർദ്ദിഷ്ട അപേക്ഷാഫാറത്തിനോടൊപ്പം ഫീസ് അടച്ചതിന്റെ അസ്സൽ രസീതും/ഡിമാൻഡ് ഡ്രാഫ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, മാർക്ക്ലിസ്റ്റുകൾ, യോഗ്യത സർട്ടിഫിക്കറ്റുകളുടെ (എസ്.എസ്.എൽ.സി/എച്ച്.എസ്.സി/ബിരുദം) പകർപ്പുകൾ സഹിതം അപേക്ഷിക്കണം. അല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## എം.ഫിൽ : എസ്.സി/എസ്.ടി അഡ്മിഷൻ

കേരള സർവകലാശാലയുടെ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്, ആർക്കിയോളജി, ബയോകെമിസ്ട്രി, ബോട്ടണി, സൈക്കോളജി, ഇക്കണോമിക്സ്, എഡ്യൂക്കേഷൻ, ഇംഗ്ലീഷ്, ഫ്യൂച്ചർ സ്റ്റഡീസ്, ജിയോളജി, ലൈബ്രറി സയൻസ്, ലോ, നാനോ സയൻസ് ആൻഡ് ടെക്നോളജി, ഫിലോസഫി പഠനവകുപ്പുകളിലെ എം.ഫിൽ പ്രോഗ്രാമുകളിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അഡ്മിഷൻ നവംബർ രണ്ട് രാവിലെ 10.30-ന് നടക്കും. താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അന്നേദിവസം അതത് പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## എം.എസ്സി ആക്ച്യൂറിയൽ സയൻസ് ഫലം

കേരള സർവകലാശാല കാര്യവട്ടം ഡെമോഗ്രഫി പഠനവകുപ്പ് (സി.എസ്.എസ്) ജൂലൈയിൽ നടത്തിയ എം.എസ്സി ആക്ച്യൂറിയൽ സയൻസ് (2014-16) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. രേവതി ജെ.എസ് (രജി.നം DAS 140506) ഒന്നാം റാങ്ക് നേടി.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
27.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098